ഉൾപ്പെടെയുള്ള മറ്റ് സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാമെന്നത് സംബന്ധിച്ച വകപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളും ഇകയും മറ്റുവിവരങ്ങളും ജില്ല തിരിച്ച് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(സി) പിടിച്ചെടുത്ത രേഖകളും മറ്റും ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു. ഇവ തിരികെ അവകാശികൾക്ക് ലഭിക്കുന്നത് കോടതിയിലുള്ള കേസുകളുടെ തീർപ്പുകൾക്ക് അനുസരിച്ചാണ്.

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കുന്നതായി കണ്ടെത്തിയതും പണമിടപാട് സംബന്ധിച്ച് പരാതികൾ നേരിടുന്നതായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും മറ്റ് സർക്കാർ ഉദ്യോഗസ്ഥരുടെ വകുപ്പ് തിരിച്ചുള്ള വിശദാംശവും ഇതോടൊപ്പം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ വകുപ്പുതല ശിക്ഷാ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ശിപാർശ നൽകുകയും ചെയ്തുവരുന്നു.

ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന സ്കൂൾ കുട്ടികൾ

242 (243) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് എത്ര അദ്ധ്യാപകരുടെ പേരിലാണ് കേസെടുത്തിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര കുട്ടികളാണ് അദ്ധ്യാപകരുടെ പീഡനത്തിന് ഇരയായിട്ടുള്ളത് ;

(സി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കേസ് എടുത്ത് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 73 അദ്ധ്യാപകരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം സിറ്റി	-	4
തിരുവനന്തപുരം റൂറൽ	-	6
കോട്ടയം	-	2
എറണാകുളം റൂറൽ	-	2
തൃശ്ശൂർ സിറ്റി	:	1
തൃശ്ശൂർ റൂറൽ	-	3
പാലക്കാട്	-	6
മലപ്പുറം	-	22
കോഴിക്കോട് സിറ്റി	-	4
കോഴിക്കോട് റൂറൽ	-	7
കണ്ണൂർ	-	4
കാസർഗോഡ്	-	12
ആകെ		73

(ബി) 183 കുട്ടികൾ.

(സി & ഡി) ഉണ്ട്. 5 പോലീസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും ജനമൈത്രി പോലീസിന്റെയും ചൈൽഡ് ലൈൻ പ്രവർത്തകരുടെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും പഞ്ചായത്ത് ജനകീയ സമിതിയുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണത്തോടുകൂടി ബോധവൽക്കരണം നടത്തിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു.

ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം, മങ്കര പോലീസ് സ്റ്റേഷനുകളിലെ കേസുകൾ

243 (244) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം, മങ്കര പോലീസ് സ്റ്റേഷനുകളിൽ 1-1-2013 മുതൽ 31-10-2014 വരെ എത്ര കേസുകൾ

LIBRARY ARCHIVES Kerala Legislative Assembly